# നിയമസഭാ തിരഞ്ഞെടുപ്പ് 2016
# തിരഞ്ഞെടുപ്പ് ഡ്യൂട്ടി ചെയ്യുന്ന ഉദ്യോഗസ്ഥർക്കുള്ള കൈപ്പുസ്തകം

*[Please refer Presiding Officer's Hand Book and www.ceo.kerala.gov.in for detailed information]*

*(For free distribution among colleagues)*

**കളക്ഷൻ സെന്ററിൽ നിന്നും ഏറ്റുവാങ്ങേണ്ടവയിൽ ഏറ്റവും പ്രധാനപ്പെട്ടവ**

1. വോട്ടർ പട്ടികയുടെ അടയാളപ്പെടുത്തപ്പെട്ട പകർപ്പ് (Marked copy of Electoral roll ) 3 copies (Returning Officer ടെ ഒപ്പ് മാർക്ക്ഡ് കോപ്പിയിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തണം)
2. 17 - എ നമ്പർ ഫാറത്തിലുള്ള വോട്ട് രജിസ്റ്റർ (Register of Voters -17 A)
3. വോട്ടേഴ്സ് സ്ലിപ്പ്
4. EVM Ballot Unit and Control Unit (Serial No. ഉം Sealing ഉം ഉണ്ടെന്നും ശരിയായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുക)
5. ടെന്റേർഡ് ബാലറ്റ് പേപ്പർ (ഇതിൽ രേഖപ്പെടുത്തിയിരിക്കുന്ന പേരുകൾ നിർദ്ദിഷ്ട ഫാറവുമായി ഒത്തുനോക്കി ശരിയാണെന്ന് ഉറപ്പ് വരുത്തുക)
6. Indelible ink
7. പ്രിസൈഡിംഗ് ഓഫീസറുടെ ഡയറി , പ്രിസൈഡിംഗ് ഓഫീസറുടെ പ്രഖ്യാപനം (Declaration)
8. Metal seal, Arrow cross mark, Paper seal , Strip Seal
9. Special tag, Address tag for Control Unit & Ballot Unit
10. Self inking pad (2 എണ്ണം, ചുവപ്പ്, പർപ്പിൾ)
11. Copy of specimen signature of candidate / Election agent
12. രേഖപ്പെടുത്തിയ വോട്ടുകളുടെ കണക്കിന്റെ ആവശ്യമുള്ളയത്ര എണ്ണം പകർപ്പുകൾ ഉണ്ടാക്കുന്നതിന് നിർദ്ദിഷ്ട ഫാറത്തിന്റെ കൂടുതൽ കോപ്പികൾ എടുക്കുക. എല്ലാ ഏജന്റുമാർക്കും പോളിംഗ് അവസാനം പകർപ്പ് നല്കേണ്ടതുണ്ട്. (17 C)
13. Form 14 (List of challenged votes), Ballet Labels
14. Receipt Book for deposit of challenged votes
15. List of CVC (Classified Service Voters)
16. 16 Point Report as per Annexure (പൂർണ്ണമായ ലിസ്റ്റ് പ്രിസൈഡിംഗ് ഓഫീസറുടെ ഹാൻഡ് ബുക്ക് അനുബന്ധം കാണുക)

**വോട്ടെടുപ്പിന് തലേദിവസം ചെയ്യേണ്ട കാര്യങ്ങ ൾ**

a. Set up of Polling Stations (Slogans / Photo etc should be covered or removed -100m)
b. Set up of Voting Compartment
c. Display of Notices. (List of contesting candidates) (M15, M14))

**വോട്ടെടുപ്പ് ആരംഭിക്കുന്നതിന് മുമ്പ് ചെയ്യേണ്ട കാര്യങ്ങൾ -പോളിംഗ് ആഫീസർമാരുടെ കർത്തവ്യങ്ങൾ**

## ഒന്നാം പോളിംഗ് ആഫീസർ

- വോട്ടർ പട്ടികയുടെ മാർക്ക്ഡ് കോപ്പിയുടെ ചുമതല
- പോളിംഗ് സ്റ്റേഷനിലേക്ക് പ്രവേശിക്കുന്ന സമ്മതിദായകൻ ഒന്നാം പോളിംഗ് ആഫീസറുടെ അടുത്തേയ്ക്ക് ചെല്ലണം.
- തിരിച്ചറിയൽ രേഖ പരിശോധിക്കേണ്ട ചുമതല [പാസ്പോർട്ടാണ് NRI വോട്ടറുടെ തിരിച്ചറിയൽ രേഖ. പട്ടികയിൽ പേരും ഉണ്ടായിരിക്കണം. CSV -Classified Service Voter- സേനയിൽ ജോലി ചെയ്യുന്നവർക്ക് പ്രത്യേക വോട്ടർ പട്ടിക ഉണ്ട്. അദ്ദേഹത്തിന് തന്റെ വോട്ട് ചെയ്യാൻ Proxy യെ ചുമതലപ്പെടുത്താം. ഈ വിവരങ്ങൾ വോട്ടർ പട്ടികയിൽ ഉണ്ടാകും . Authorisation letter പരിശോധിച്ച് വോട്ട് ചെയ്യാൻ അനുമതി നൽകാം.
- ഇലക്ടറൽ റോളിലെ ക്രമ നമ്പരും പേരും ഉറക്കെ വായിക്കണം
  Minor errors in Electoral roll may be ignored

*പുരുഷ വോട്ടർമാരുടെ കോളത്തിന് കറുകെ Diagonal Line വരയ്ക്കണം സ്ത്രീ വോട്ടർമാരുടെ കോളത്തിന് കറുകെ* **<u>ഡയഗണൽ ലൈൻവരച്ചശേഷം നമ്പരിൽ വട്ടം വരയ്ക്കണം</u>** *ഓരോ മണിക്കൂറിലും വോട്ട് ചെയ്തിട്ടുള്ള സ്ത്രീകളുടെയും പുരുഷന്മാരുടെയും കണക്ക് പ്രത്യേകമായി രേഖപ്പെടുത്തേണ്ടതുണ്ട്. ഇതിനായി രണ്ട് കടലാസുകളിൽ ഒരു നിശ്ചിത നമ്പർ വരെ രേഖപ്പെടുത്തി സൂക്ഷിക്കുകയും വോട്ടർമാർ വരുന്നതനുസരിച്ച് നമ്പർ വെട്ടികളയുകയും വേണം. ഒരു പ്രത്യേക സമയം വരെ വോട്ടു ചെയ്ത പുരുഷന്മാരുടെയും സ്ത്രീകളുടെയും എണ്ണം എടുക്കാൻ ഇത് സഹായകമാകും*

## <u>രണ്ടാം പോളിംഗ് ആഫീസർ</u>

- **മായ്ക്കാനാവാത്ത മഷിയുടെയും ഫാറം നം 17 എ യിലുള്ള വോട്ട് രജിസ്റ്ററിന്റെയും ചുമതല.** (Never change the SL NO of 17 A)
- **ഒന്നാം പോളിംഗ് ആഫീസർ വോട്ടറുടെ ക്രമനമ്പരും പേരും വായിയ്ക്കുമ്പോൾ രണ്ടാം പോളിംഗ് ആഫീസർ വോട്ട് രജിസ്റ്ററിൽ സമ്മദിദായകന്റെ ക്രമനമ്പർ രേഖപ്പെടുത്തേണ്ടതും ഒപ്പോ വിരലടയാളമോ വാങ്ങേണ്ടതും സമ്മദിദായകൻ സമർപ്പിച്ച തിരിച്ചറിയൽ രേഖയുടെ വിവരം ചുരുക്കി രേഖപ്പെടുത്തേണ്ടതുമാണ്**

***[ഭൂരിഭാഗം വോട്ടർമാരുടെ കൈയിലും EPIC – Electoral Photo Identity Card കാണും ഇതിലെ നമ്പരിന്റെ അവസാനത്തെ നാലക്കം രേഖപ്പെടുത്തണം. മറ്റേതെങ്കിലും തിരിച്ചറിയൽ രേഖ കൊണ്ടു വരുന്നെങ്കിൽ അത് പ്രത്യേകം തിരിച്ചറിയുന്ന രീതിയിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയാൽ എത്ര പേർ EPIC – Electoral Photo Identity Card ഉപയോഗിച്ച് വോട്ട് രേഖപ്പെടുത്തി എന്ന കണക്ക് എടുക്കേണ്ടി വരുമ്പോൾ എളുപ്പമാകും. ]***

- **അതിനുശേഷം ഇടതുകൈ ചൂണ്ടുവിരലിൽ നഖം മുതൽ മുകളിലോട്ട് വിരലിന്റെ ആദ്യ മടക്കു വരെ** (upper tip of the nail to the bottom of the first joint) **വരെ മഷി പുരട്ടുക.**
- **വോട്ട് രജിസ്റ്ററിൽ ഒപ്പ് വാങ്ങിയതിനുശേഷം വോട്ടേഴ്സ് സ്ലിപ്പ് നല്കുകണം.**
- Proxy Voter **ആണെങ്കിൽ 17A യുടെ റിമാർക്സ് കോളത്തിൽ PV എന്ന് രേഖപ്പെടുത്തണം മഷി ഇടതു കൈയുടെ നടുവിരലിൽ പുരട്ടണം.**
- **വോട്ട് രജിസ്റ്ററിൽ ഒപ്പുവയ്ക്കുകയോ വിരലടയാളം പതിയ്ക്കുകയോ ചെയ്ത ക്രമത്തിൽ മാത്രമേ വോട്ടർമാർ വോട്ട് ചെയ്യുന്നുള്ളൂ എന്ന കാര്യം ഉറപ്പാക്കേണ്ടതാണ്.**

*ഇടത് കൈയ്യിൽ ചൂണ്ട് വിരൽ ഇല്ലാത്ത പക്ഷം ഇടത് കൈയ്യിലെ നടുവിരലിലും ആ വിരൽ ഇല്ലെങ്കിൽ ഇടതുകൈയിലെ മോതിര വിരലിലും മോതിര വിരൽ ഇല്ലെങ്കിൽ ചെറിയ വിരലിലും ഇടത് കൈയിൽ ഒരു വിരലുമില്ലെങ്കിൽ വലത് കൈയിലെ ചൂണ്ടുവിരലിലും അതും ഇല്ലെങ്കിൽ വലത് കൈയിലെ മറ്റേതെങ്കിലും വിരലിലും രണ്ടു കൈയിലും ഒരു വിരലും ഇല്ലാത്ത പക്ഷം ഇടതുകൈയുടെയോ വലതു കൈയുടെയോ കീഴറ്റത്ത് മഷി പുരട്ടേണ്ടതാണ്. (or visible part of body) മഷി പുരട്ടുന്ന ആൾ ബോട്ടിലിലിൽ നിന്നും Bowl ലേയ്ക്ക് കുറച്ച് മഷി പകർന്ന് ഉപയോഗിക്കുക. ബോട്ടിൽ അടച്ച് വയ്ക്കുക.തട്ടിവീഴാതെ പ്രത്യേകം ശ്രദ്ധിക്കുക.Proxy Voter ആണെങ്കിൽ നടുവിരലിൽ പുരട്ടുക*

## <u>മൂന്നാം പോളിംഗ് ആഫീസർ</u>

- **വോട്ടിംഗ് മെഷീന്റെ** / Control Unit **ന്റെ ചുമതല**
- **വിരലിൽ മഷി അടയാളം ഉണ്ടോയെന്ന് ഉറപ്പാക്കുക**(Ensuring indelible ink mark)
- **രണ്ടാം പോളിംഗ് ആഫീസർ നൽകിയ വോട്ടർസ്ലിപ്പ് ലഭിയ്ക്കുമ്പോൾ വോട്ടിംഗ് കമ്പാർട്ട്മെന്റിൽ മറ്റാരും ഇല്ല എന്ന് ഉറപ്പ് വരുത്തിയിട്ട് വോട്ടറെ അങ്ങോട്ടേയ്ക്ക് അയയ്ക്കുന്നു. അപ്പോൾ തന്നെ വോട്ട് ചെയ്യാൻ പാകത്തിൽ ബാലറ്റ് യൂണിറ്റിലെ** Ballot Button **അമർത്തുന്നു.**
- Voters Slip 50 or 25 **ന്റെ** Bundle **ആക്കി സൂക്ഷിക്കുക.**

- വോട്ടിംഗ് സ്ലിപ്പിലെ ക്രമനമ്പരിന്റെ അടിസ്ഥാനത്തിലായിരിക്കണം വോട്ടറെ വോട്ട് ചെയ്യാൻ അനുവദിയ്ക്കേണ്ടത്.

*The voter shall be allowed to vote exactly in the same sequence in which his details have been recorded in Register of Votes*

*These duties can be performed by the Presiding Officer*, where the number of Electors is small.

2. **പോളിംഗ് ഏജന്റുമാരുടെ നിയമനം**

തന്നെ സ്ഥാനാർത്ഥി ഏജന്റായി നിയമിച്ച നിയമനക്കത്ത് ഫോറം നം 10 ൽ ഏജന്റ് ഹാജരാക്കേണ്ടതാണ്.ഇതിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാനാർത്ഥിയുടെ ഒപ്പ് നമുക്ക് നൽകിയിട്ടുള്ള സ്ഥാനാർത്ഥിയുടെ specimen signature ുമായി ഒത്തുനോക്കേണ്ടതാണ്. ഈ നിയമനക്കത്തുകൾ സൂക്ഷിക്കേണ്ടതും ഒരു കവറിലിട്ട് മറ്റുരേഖകളോടൊപ്പം വരണാധികാരിയ്ക്ക് നല്കേണ്ടതുമാണ്. ഒരുസമയം ഒരു സ്ഥാനാർത്ഥിയ്ക്ക് ഒരു ഏജന്റിനെ മാത്രമേ ബൂത്തിനുള്ളിൽ അനുവദിക്കാനാവൂ. അതേസമയം 2 Relief ഏജന്റുമാരെക്കൂടി അനുവദിക്കാം. ഒരാൾ പുറത്ത് പോകുന്ന സമയത്ത് Relief agent മാരിൽ ഒരാളെ അനുവദിക്കാവുന്നതാണ്.ഇവർക്കുള്ള പാസ്സും നൽകേണ്ടതാണ്.പോളിംഗിംന്റെ അവസാന മണിക്കൂറിൽ ഇരിക്കുന്ന ഏജന്റിനെ മാറാൻ അനുവദിക്കരുത്. ഇത് രാവിലെ തന്നെ ഏജന്റുമാരുടെ ശ്രദ്ധയിൽപ്പെടുത്തണം . ഏജന്റുമാരുടെ കൈയ്യിലുള്ള വോട്ടർപ്പട്ടികയുടെ മാർക്ക്ഡ് കോപ്പി ഒരു കാരണവശാലും പോളിംഗ് ആരംഭിച്ചശേഷം പുറത്തുകൊണ്ടുപോകാൻ അനുവദിക്കരുത്. പോളിംഗ് സ്റ്റേഷനിൽ പ്രവേശിക്കുന്ന വോട്ടറെ വ്യക്തമായി കാണാൻ കഴിയുന്ന വിധത്തിലാകണം ഏജന്റിന്റെ ഇരിപ്പിടം ഒരുക്കേണ്ടത്. National Party / State Party / Independent candidate എന്നതായിരിക്കണം ഏജന്റുമാരുടെ ക്രമം

3. Preparation of EVM (നിരവധി വീഡിയോകൾ കമ്മീഷന്റെ വെബ്സൈറ്റിലും YouTube ലും ലഭ്യമാണ്. കണ്ട് മനസ്സിലാക്കുക).

4. Mock Poll : EVM ൽ Total votes -zero (0) വോട്ട് ആണ് ഉള്ളതെന്ന് ബോധ്യപ്പെടുത്തിയിട്ട് Mock Poll നടത്തുക. സമയം വളരെയേറെ എടുക്കുന്ന ഒന്നായതിനാൽ രാവിലെ 5.45 നോ 6 മണിയ്ക്കോ തന്നെ ആരംഭിക്കണം. തലേന്നുതന്നെ ഏജന്റുമാരെ ഇത് അറിയിയ്ക്കണം. പറഞ്ഞ സമയത്ത് ആരും എത്തിയില്ലെങ്കിലും Presiding Officer Mock poll നടത്തണം. ഏജന്റുമാർ വോട്ട് രേഖപ്പെടുത്തിയ ശേഷം Close Button അമർത്തി വോട്ടിംഗ് Close ചെയ്യണം. അതിനുശേഷം Result പരിശോധിച്ച് എല്ലാപേരെയും ബോദ്ധ്യപ്പെടുത്തേണ്ടുണ്ട്.

തുടർന്ന് Clear Button അമർത്തി എല്ലാ വോട്ടും Delete ചെയ്യേണ്ടതുമാണ്. Total Vote പൂജ്യം ആണെന്ന് ബോദ്ധ്യപ്പെടുത്തിയതിനുശേഷം സീലിംഗ് നടപടികളിലേയ്ക്ക് കടക്കുക. Mock Poll certificate തയ്യാറാക്കി Agent ന്റെ ഒപ്പ് വാങ്ങണം

**C R C (Clockwise ആയി മാത്രമേ EVM പ്രവർത്തിപ്പിക്കാവൂ)*

5. Sealing of EVM * refer video

Fixing the Green Paper Seal and closing of inner compartment

Sealing Process of Green Paper Seal and ABCD Strip seal

Fixing of Long Strip Seal

Green Paper Seal ന്റെ White surface ൽ Presiding Officer ഉം Polling Agents ഉം sign ചെയ്യുക. Paper Seal ലെ Serial No. പുറത്തുകാണത്തക്കവിധമാണ് Seal fix ചെയ്യേണ്ടത്

## Commencement of Poll (7 AM)

a. വോട്ടെടുപ്പിന്റെ രഹസ്യ സ്വഭാവം സംബന്ധിച്ച മുന്നറിയിപ്പ്. പ്രഖ്യാപനം നടത്തിയ ശേഷം ഒപ്പ വയ്ക്കേണ്ടതും സന്നിഹിതരായ ഏജന്റുമാരുടെ ഒപ്പ് വാങ്ങേണ്ടതുമാണ്.
b. വോട്ടർ പട്ടികയുടെ മാർക്ക്ഡ് കോപ്പിയിൽ PB അടയാളമൊഴിച്ച് മറ്റൊരു അടയാളവും ഇല്ല എന്ന് ഏജന്റുമാരെ ബോധ്യപ്പെടുത്തുക.
c. Precautions about indelible ink
d. Maintenance of register of voters in form No.17 A

e. Maintenance of PO's Diary, Visit Sheet
f. Entry of voters to PS to be regulated
g. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം വരി . കൈക്കുഞ്ഞുമായ സ്ത്രീകളും വികലാംഗരും വരിയിൽ ഉണ്ടെങ്കിൽ മുൻഗണന നല്കുക

## വോട്ടെടുപ്പ് വേളയിൽ അഭിമുഖീകരിക്കേണ്ടി വരുന്ന ചില കാര്യങ്ങൾ

□. അന്ധരോ അവശതയുള്ളവരോ ആയ സമ്മദിദായകരുടെ വോട്ടു ചെയ്യൽ - 18 വയസ്സിന് മുകളിൽ പ്രായമുള്ള സഹായിയെ അനുവദിക്കാം. അനുബന്ധം VII ന്റെ മാതൃകയിൽ സഹായിയുടെ declaration എഴുതി വാങ്ങേണ്ടതും വിവരങ്ങൾ നിർദ്ദിഷ്ട ഫാറത്തിൽ സൂക്ഷിക്കേണ്ടതുമാണ്. നിശ്ചിത ഫാറത്തിലും ലിസ്റ്റിലും സഹായിയുടെ ഒപ്പും വാങ്ങേണ്ടതുണ്ട്. വോട്ടറുടെ വിരലിൽ മഷി അടയാളം പതിപ്പിക്കുകയും വേണം

□. ഒരു സമ്മതിദായകന്റെ നിജസ്ഥിതിയ്ക്കെതിരെ തർക്കം ഉന്നയിക്കൽ (Challenged Vote) -വോട്ടർ പട്ടികയിൽ പേരുള്ള ഏതൊരാൾക്കും തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ അവകാശമുണ്ട് ഏജന്റുമാർ തർക്കം ഉന്നയിക്കുകയോ താങ്കൾക്ക് വ്യാജസമ്മതിദായകനാണെന്ന് വ്യക്തമായ ബോദ്ധ്യം വരാത്തപക്ഷം താൻ ഒരു സമ്മതിദായകനാണെന്ന് അവകാശപ്പെടുകയും പേരും മറ്റ് വിവരങ്ങളും ശരിയായി പറയുകയും തിരിച്ചറിയൽ രേഖ ഹാജരാക്കുകയും ചെയ്താൽ അദ്ദേഹത്തെ സമ്മതിദായകനായി കണക്കാക്കേണ്ടതാണ്. സമ്മതിദായകന്റെ നിജസ്ഥിതിയെപ്പറ്റി സ്ഥാനാർത്ഥിയോ ഏജന്റോ തർക്കം ഉന്നയിച്ചാൽ തർക്കമുന്നയിക്കുന്നതിനുള്ള ഫീസ് ആയ രണ്ട് രൂപ ലഭിച്ചശേഷം മാത്രമേ തർക്കം പരിഗണിക്കാവൂ. അനുബന്ധത്തിൽ നിർദ്ദേശിച്ച മാതൃകയിൽ കൈപ്പറ്റരസീത് നൽകേണ്ടതും ആർക്കെതിരെയാണോ തർക്കം ഉന്നയിച്ചത് അദ്ദേഹത്തോട് ആൾമാറാട്ടത്തിനുള്ള ശിക്ഷയെപ്പറ്റി മുന്നറിയിപ്പ് നൽകുകയും വേണം. തുടർന്ന് തർക്കം ഉന്നയിക്കപ്പെട്ട വോട്ടുകളുടെ പട്ടികയിൽ (ഫാറം നം 14) അദ്ദേഹത്തിന്റെ പേര് എഴുതുകയും ഒപ്പ് /വിരലടയാളം വാങ്ങുകയും വേണം. അദ്ദേഹം അതിന് വിസമ്മതിക്കുന്ന പക്ഷം അദ്ദേഹത്തെ വോട്ടിടാൻ അനുവദിക്കരുത്. *(For more Details pl refer Hand Book)* തർക്കം സ്ഥാപിക്കപ്പെടുന്ന പക്ഷം തർക്ക വിധേയനായ ആളെ പോളിംഗ് സ്റ്റേഷന്റെ അധികാരിതയുള്ള പോലീസ് ഉദ്യോഗസ്ഥന് അനുബന്ധത്തിലെ മാതൃകയിലുള്ള പരാതി കത്തോടെ കൈമാറേണ്ടതാണ്. തർക്കമുന്നയിച്ചത് നിസാര കാരണത്താലല്ലെന്നോ ഉത്തമ വിശ്വാസത്തോടു കൂടിയാണെന്നോ താങ്കൾക്ക് അഭിപ്രായമുള്ള ഓരോ കേസിലും അന്വേഷണം അവസാനിച്ചാലുടനെ തർക്കം ഉന്നയിച്ചതിന് വാങ്ങിയ ഫീസ്, രസീത് ബുക്കിന്റെ കൗണ്ടർ ഫോയിലിൽ അദ്ദേഹത്തിന്റെ ഒപ്പ് വാങ്ങിച്ചു കൊണ്ട് മടക്കി കൊടുക്കേണ്ടതാണ്. അങ്ങനെയല്ലാത്ത കേസുകളിൽ തുക മടക്കിക്കൊടുക്കുവാൻ പാടില്ലാത്തതും പ്രസക്തമായ രസീതിന്റെ കൗണ്ടർ ഫോയിലിൽ ഫീസ് നൽകിയ ആളിന്റെ ഒപ്പ് വാങ്ങുന്നതിന് പകരം കണ്ടു കെട്ടിയിരിക്കുന്നു എന്ന് രേഖപ്പെടുത്തേണ്ടതാണ്.

□. ഏതെങ്കിലും സമ്മതിദായകന്റെ കാര്യത്തിൽ 18 വയസ് തികഞ്ഞുവോ എന്ന് പ്രിസൈഡിംഗ് ഓഫീസർക്ക് സംശയം ഉണ്ടാവുകയാണെങ്കിലോ ഏജന്റുമാർ തർക്കം ഉന്നയിക്കുകയാണെങ്കിലോ Appendix V ന്റെ മാതൃകയിൽ സമ്മതിദായകന്റെ പ്രഖ്യാപനം എഴുതി വാങ്ങേണ്ടതും ഇപ്രകാരം പ്രഖ്യാപനം നൽകുന്നവരുടെയും നൽകാൻ വിസമ്മതിക്കുന്നവരുടെയും വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

□. ടെന്റേർഡ് വോട്ടുകൾ - ഒരു സമ്മദിദായകൻ വോട്ട് രേഖപ്പെടുത്താൻ എത്തിയപ്പോൾ ആരോ അയാളുടെ വോട്ട് നേരത്തെ ചെയ്തു കഴിഞ്ഞിരിക്കുന്നതായി മനസിലാക്കുകയും അന്വേഷണത്തിൽ നിന്നും ഇപ്പോൾ വന്നതാണ് യഥാർത്ഥ വോട്ടർ എന്ന് മനസ്സിലായാൽ "Tendered Ballot Paper" നല്കിണയാണ് വോട്ട് ചെയ്യിക്കേണ്ടത്. അയാളുടെ നിജസ്ഥിതിയെപ്പറ്റി ബോദ്ധ്യം വരുന്ന പക്ഷം അയാളുടെ ഇടത് ചൂണ്ട് വിരലിൽ മഷി അടയാളപ്പെടുത്തേണ്ടതും തുടർന്ന് ടെന്റേർഡ് വോട്ടുകളുടെ

**ലിസ്റ്റിൽ ആവശ്യമായ ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതും അതിൽ സമ്മതിദായകന്റെ ഒപ്പോ വിരലടയാളമോ നേടേണ്ടതുമാണ്** *[പർപ്പിൾ നിറത്തിലുള്ള സെൽഫ് ഇങ്കിംഗ് പാഡ് ടെന്റേർഡ് ബാലറ്റിന്റെ മറുവശത്ത് വേർതിരിച്ച് അറിയാനുള്ള അടയാളം (distinguishing mark) പതിപ്പിക്കുന്നതിനും ടെന്റേർഡ് വോട്ടുകളുടെ പട്ടികയിൽ സമ്മദിദായകന്റെ തള്ള വിരലടയാളം ആവശ്യമാണെങ്കിൽ പതിപ്പിക്കുന്നതിനും ആണ്. ചുവപ്പ് നിറത്തിലെ പാഡ് Arrow Cross Mark കൊണ്ട് ടെന്റേർഡ് ബാലറ്റ് പേപ്പറിൽ അടയാളം ഇടുന്നതിനാണ്.]* **അതിനു ശേഷം ടെന്റേർഡ് ബാലറ്റ് പേപ്പർ നൽകുക, അദ്ദേഹം വോട്ടു ചെയ്യാനുള്ള അറയിൽ പോയി വോട്ട് രേഖപ്പെടുത്തുകയും അത് താങ്കൾക്ക് തിരികെ നൽകുകയും ചെയ്യും. എല്ലാ ടെന്റേർഡ് ബാലറ്റ് പേപ്പറുകളും ഫാറവും അതിനു വേണ്ടിയുള്ള കവറിൽ സൂക്ഷിക്കേണ്ടതാണ്. ടെന്റേർഡ് ബാലറ്റ് പേപ്പറുകളുടെ ശരിയായ കണക്ക് നിർദ്ദിഷ്ട നമ്പർ ഫാറത്തിലുള്ള രേഖപ്പെടുത്തിയ വോട്ടുകളുടെ കണക്കിന്റെ ഒന്നാം ഭാഗത്ത് കാണിക്കേണ്ടതാണ്**

. **ഒരാൾ വോട്ട് ചെയ്യാൻ വിസമ്മതിച്ചാൽ അദ്ദേഹത്തെ അതിന് നിർബന്ധിക്കേണ്ടതില്ല. പകരം** *"Refuced to vote"* **എന്ന് വോട്ട് രജിസ്റ്ററിന്റെ -17 A റിമാർക്സ് കോളത്തിൽ എഴുതിയാൽ മതി.**

. **വോട്ടെടുപ്പിന്റെ രഹസ്യസ്വഭാവം ലംഘിക്കൽ** (Refer PrO's Hand Book)

. **ക്രമവിരുദ്ധമായി പെരുമാറുന്നവരെ നീക്കം ചെയ്യൽ** (Refer PrO's Hand Book)

. **ലഹളമൂലമോ മറ്റുകാരണത്താലോ വോട്ടെടുപ്പ് നീട്ടി വയ്ക്കൽ (Refer** PrO's Hand Book)

. ***EVM*** തകരാറായി പുതിയത് സ്ഥാപിയ്ക്കേണ്ടി വന്നാൽ മോക്ക് പോളും ഡിക്ളറേഷനും വീണ്ടും നടത്തേണ്ടതുണ്ട്**.**

. വോട്ടർ, സ്ഥാനാർത്ഥി. അംഗീകൃത ഏജന്റ്, ഇലക്ഷൻ കമ്മീഷൻ നിയോഗിച്ചവർ, അംഗീകൃത വീഡിയോഗ്രാഫർ എന്നിവരെയല്ലാതെ മറ്റാരെയും പോളിംഗ് സ്റ്റേഷനിൽ പ്രവേശിപ്പിക്കരുത്**.**

.

*"Total button" can be pressed any number of times during the poll, while the 'BUSY' lamp is off i.e., when the system is idle.*

## <u>വോട്ടെടുപ്പിന്റെ അവസാന മണിക്കൂറുകൾ</u>

6 മണിയ്ക്ക് ക്യൂവിൽ നിൽക്കുന്ന എല്ലാപേർക്കും പ്രിസൈഡിംഗ് ഓഫീസറുടെ ഒപ്പോടുകൂടിയ ക്രമനം ഇട്ട സ്ലിപ്പ് ക്യൂവിന്റെ അവസാനം മുതൽ ആരംഭം വരെ നല്കുക. (അവസാനത്തെ ആളിന് ക്രമ നം 1 ). വോട്ടെടുപ്പ് അവസാനിപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്ത് പോളിംഗ് സ്റ്റേഷനിൽ സന്നിഹിതരായ എല്ലാപേരും വോട്ട് രേഖപ്പെടുത്തിക്കഴിഞ്ഞാൽ വോട്ടെടുപ്പ് അവസാനിച്ചതായി ഔദ്യോഗികമായി പ്രഖ്യാപിക്കേണ്ടതും അതിനുശേഷം യാതൊരു സാഹചര്യത്തിലും ആരെയും വോട്ട് ചെയ്യാനനുവദിക്കാൻ പാടില്ലാത്തതുമാകുന്നു.

17 A വോട്ട് രജിസ്റ്റർ ക്ലോസ് ചെയ്യുന്നത് . ചുവന്ന വര അവസാന സീരിയൽ നമ്പറിനു ശേഷം വരയ്ക്കേണ്ടതുണ്ട്. അതിനു ചുവടെ രണ്ടാം പോളിംഗ് ഓഫീസറും പ്രിസൈഡിംഗ് ഓഫീസറും ഒപ്പ രേഖപ്പെടുത്തേണ്ടതാണ്.

Remove the plastic cap over the ' Close' Button, Press Close Button

Fill Part I of 17 C (Total Votes Display Agents നെ ബോധ്യപ്പെടുത്തി Form 17 C ൽ ചേർക്കുക.

17 C നമ്പർ ഫാറം പൂരിപ്പിക്കുകയും പേപ്പർ സീൽ അക്കൗണ്ട് തയ്യാറാക്കുകയും ചെയ്യുക. എല്ലാ പോളിംഗ് ഏജന്റുമാർക്കും 17 C ഫോറത്തിൽവിവരങ്ങൾ തയ്യാറാക്കി ഒരു ശരിപകർപ്പ് അവരിൽനിന്നും രസീത് വാങ്ങിയശേഷം നൽകേണ്ടതും അത് ശരിപ്പകർപ്പായി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കാർബൺ കോപ്പി വച്ച് പകർപ്പ് എഴുതിയിയാൽ ഒറിജിനൽ അകൗണ്ടും ഏജന്റുമാർക്ക് നൽകിയ പകർപ്പുകളും എല്ലാ വിധത്തിലും തുല്യമാണെന്ന് വരുത്തുവാൻ കഴിയും.

- വോട്ട് ചെയ്ത സ്ത്രീ സമ്മതിദായകരുടെ എണ്ണം തിട്ടപ്പെടുത്തുക
- പ്രിസൈഡിംഗ് ഓഫീസറുടെ ഡയറി പൂർത്തിയാക്കുക
- 4 കവറുകൾ അടങ്ങിയ ആദ്യ സ്റ്റാറ്റ്യൂട്ടറി കവർ തയ്യാറാക്കുക
- 11 കവറുകൾ അടങ്ങുന്ന രണ്ടാമത്തെ പായ്ക്കറ്റ് തയ്യാറാക്കുക
- 8 കവറുകൾ അടങ്ങുന്ന മൂന്നാമത്തെ പായ്ക്കറ്റ് തയ്യാറാക്കുക

- ശേഷിച്ച എല്ലാ ഇനങ്ങളും അടങ്ങുന്ന നാലാമത്തെ പായ്ക്കറ്റ് തയ്യാറാക്കുക

**ശേഖരണ കേന്ദ്രത്തിൽ മടക്കി നൽകേണ്ടവയിൽ പ്രത്യേകം സൂക്ഷിക്കേണ്ടതും അവിടെ എത്തുമ്പോൾ EVM നോടൊപ്പം ആദ്യം ആവശ്യപ്പെടുന്നതു കവറുകൾ**

1. രേഖപ്പെടുത്തിയ വോട്ടുകളുടെ കണക്ക് (17 C നമ്പർ ഫാറം) ഉള്ള കവർ
2. പേപ്പർ സീൽ അക്കൌണ്ട് ഉള്ള കവർ
3. ഓഫീസറുടെ പ്രഖ്യാപനം (Declaration) അടങ്ങുന്ന കവർ
4. പ്രിസൈഡിംഗ് ഓഫീസറുടെ ഡയറി അടങ്ങുന്ന കവർ
5. വിസിറ്റ് ഷീറ്റ് (Visit Sheet)
6. 16 Point Report
7. Acquittance Roll

* 16 point report നൽകിയാൽ മാത്രമേ ഡ്യൂട്ടിയിൽ നിന്ന് വിടുതൽ ചെയ്യുകയുള്ളൂ.

**ശേഖരണ കേന്ദ്രത്തിൽ മടക്കി നൽകേണ്ട 13 ഇനം തിരഞ്ഞെടുപ്പ് സാധനങ്ങൾ**

1.മുദ്രവച്ച വോട്ടിംഗ് മെഷീൻ
2.ക്യാൻസൽ ചെയ്ത ബാലറ്റ് ലേബലും 17 c ഫാറത്തിലുള്ള രേഖപ്പെടുത്തിയ വോട്ടുകളുടെ കണക്കും സെല്ലോടേപ്പുകൊണ്ട് Control Unit ന്റെ carry case ൽ ഒട്ടിച്ചുവെയ്ക്കേണ്ടതാണ്.
3. പേപ്പർ സീൽ അക്കൌണ്ട് ഉള്ള കവർ
4. പ്രിസൈഡിംഗ് ഓഫീസറുടെ പ്രഖ്യാപനം (Declaration) അടങ്ങുന്ന കവർ
5. പ്രിസൈഡിംഗ് ഓഫീസറുടെ ഡയറി അടങ്ങുന്ന കവർ
6. നാലു കവറുകൾ അടങ്ങിയതും സ്റ്റാറ്റ്യൂട്ടറി കവറുകൾ എന്ന് പുറത്ത് എഴുതിയതുമായ ഒന്നാമത്തെ പായ്ക്കറ്റ്.
7.പതിനൊന്ന് കവറുകൾ അടങ്ങിയതും നോൺ സ്റ്റാറ്റ്യൂട്ടറി കവറുകൾ എന്ന് പുറത്ത് എഴുതിയതുമായ രണ്ടാമത്തെ പായ്ക്കറ്റ്.
8 എട്ട് ഇനം തിരഞ്ഞെടുപ്പ് സാധനങ്ങളും മറ്റും അടങ്ങിയ മൂന്നാമത്തെ പായ്ക്കറ്റ്
9.മറ്റെല്ലാ സാധനങ്ങളും അടങ്ങിയ നാലാമത്തെ പായ്ക്കറ്റ്
10.അക്വിറ്റൻസ് റോൾ അടങ്ങിയ കവർ
11.വോട്ടെടുപ്പ് രേഖപ്പെടുത്തുന്നതിനുള്ള അറ നിർമ്മിക്കുന്നതിനുള്ള സാധനങ്ങൾ
12.വോട്ടെടുപ്പ് സാധനങ്ങൾ ഇടുന്നതിനുള്ള പോളിത്തീൻ ബാഗ് അല്ലെങ്കി ൽ ചാക്ക്
13 ചവറ്റുകുട്ട

**പായ്ക്കറ്റ് 1 - സ്റ്റാറ്റ്യൂട്ടറി കവറുകൾ --(4 ഇനങ്ങൾ)**

1. വോട്ടർ പട്ടികയുടെ അടയാളപ്പെടുത്തപ്പെട്ട പകർപ്പ് ഉൾകൊള്ളുന്ന മുദ്ര വച്ച കവർ ( the sealed cover containing the marked copy of the electoral roll and list of CVS)
2. 17 - എ നമ്പർ ഫാറത്തിലുള്ള വോട്ട് രജിസ്റ്റർ ഉൾക്കൊള്ളുന്ന മുദ്ര വച്ച കവർ( the sealed cover containing the register of voters (17 A))
3. ടെന്റേർഡ് ബാലറ്റ് പേപ്പറുകളും 17-ബി നമ്പർ ഫാറത്തിലുള്ള ലിസ്റ്റും ഉൾക്കൊള്ളുന്ന മുദ്ര വച്ച കവർ(the sealed cover containing the used tendered ballot papers and the list in Form 17 B.)
4. Sealed cover containing Voters Slip
5. ഉപയോഗിക്കാത്ത ടെന്റേർഡ് ബാലറ്റ് പേപ്പർ ഉൾക്കൊള്ളുന്ന മുദ്ര വച്ച കവർ( the sealed cover containing unused tendered ballot papers)

*(Even if a statement or record to be put in any cover mentioned above is NIL, a slip noting on it that the statement or record is NIL may be put in the cover)*

പായ്ക്കറ്റ് 2 - നോൺ സ്റ്റാറ്റ്യൂട്ടറി കവറുകൾ (11 ഇനങ്ങൾ)

1. വോട്ടർ പട്ടികയുടെ പകർപ്പോ പകർപ്പുകളോ ഉൾക്കൊള്ളുന്ന കവർ, (അടയാളപ്പെടുത്തപ്പെട്ട പകർപ്പ് ഒഴികെ)( the cover containing the copy or copies of electoral roll other than marked copy);
2. 10ാം നമ്പർ ഫാറത്തിൽ പോളിംഗ് ഏജന്റുമാരെ നിയമിച്ചു കൊണ്ടുള്ള ഉത്തരവ് ഉൾക്കൊള്ളുന്ന കവർ (the cover containing the appointment letters of polling agents in Form 10)
3. തർക്കം ഉന്നയിക്കപ്പെട്ട വോട്ടുകളുടെ ലിസ്റ്റ് ഉൾക്കൊള്ളുന്ന കവർ -14 ( List of challenged votes (Sealed Cover) )
4. നിർദ്ദിഷ്ട ഫോറത്തിലുള്ള അന്ധരോ അവശതയുള്ളവരോ ആയ സമ്മതിദായകരുടെ ലിസ്റ്റും സഹായികളുടെ declarations അടങ്ങിയ കവർ 14 A
5. രസീതു ബുക്കും തർക്കമുന്നയിക്കപ്പെട്ട വോട്ടുകളുമായി പണമെന്തെങ്കിലുമുണ്ടെങ്കിൽ അതും ഉൾക്കൊള്ളുന്ന കവർ ( Receipt book and cash, if any, in respect of Challenged votes )
6. ഉപയോഗിക്കാത്തതും കേടുപാടു സംഭവിച്ചതുമായ പേപ്പർ സീലുകൾ ഉൾക്കൊള്ളുന്ന കവർ ( Unused and damaged paper seals )
7. വയസ് സംബന്ധിച്ച പ്രഖ്യാപനം ഫാറം അടങ്ങുന്ന കവർ ( the cover containing the declaration obtained from electors as to their age ) Annexure XI
8. ഉപയോഗിക്കാത്തതും കേടുവന്നതുമായ വോട്ടർ സ്ലിപ്പ് അടങ്ങിയ കവർ
9. ഉപയോഗിക്കാത്തതും കേടുവന്നതുമായ സ്പെഷ്യൽ ടാഗ് അടങ്ങിയ കവർ (Unused and damaged special tags )
10. ഉപയോഗിക്കാത്തതും കേടുവന്നതുമായ സ്ട്രിപ്പ്സീലുകൾ Unused and damaged strip seal
11. ഇലക്ഷൻ ഡ്യൂട്ടി സർട്ടിഫിക്കറ്റ് 12B (ഈ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രം)

പായ്ക്കറ്റ് 3 - എട്ട് ഇനം തിരഞ്ഞെടുപ്പ് സാധനങ്ങളും മറ്റും

1. പ്രിസൈഡിംഗ് ഓഫീസർക്കുള്ള കൈപ്പുസ്തകം
2. മായ്ക്കാനാവാത്ത മഷിയുടെ സെറ്റ് (മെഴുകുരുക്കി കുപ്പിയുടെ അടപ്പ് ഭദ്രമായി അടയ്ക്കണം)
3. സെൽഫ് ഇങ്കിംഗ് പാഡുകൾ
4. പ്രിസൈഡിംഗ് ഓഫീസറുടെ മെറ്റൽ സീൽ
5. പോളിംഗ് സ്റ്റേഷന്റെ തിരിച്ചറിയൽ അടയാളമുള്ള റബ്ബർ മുദ്ര
6. ബാലറ്റ് പേപ്പറിൽ അടയാളമിടുന്നതിനുള്ള ആരോ ക്രോസ് മാർക്ക് റബർ മുദ്രകൾ
7. മഷി സജ്ജീകരിച്ച് വയ്ക്കുന്നതിനുള്ള കപ്പ്
8. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ മാന്വൽ

പായ്ക്കറ്റ് 4 – ബാക്കിയെല്ലാം ഈ പായ്ക്കറ്റിൽ നിക്ഷേപിയ്ക്കുക

മേൽ സൂചിപ്പിച്ച നാലാമത്തെ പായ്ക്കറ്റിലെ ഇനങ്ങളൊഴികെ മറ്റെല്ലാ പായ്ക്കറ്റിലെ ഉള്ളടക്കങ്ങളും സ്വീകരണ കേന്ദ്രത്തിൽ വച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥ ൻ പരിശോധിയ്ക്കുകയും അതിനുശേഷം നിങ്ങളെ വിടുതൽ ചെയ്യുന്നതുമാണ്.

Happy Election Duty ☺ *for free distribution*

**Compiled by: Anoop M.R 8547235963**

**Send your valuable suggestions : anoopmr@msn.com, anoopmr@aol.com**

അപൂർണ്ണം - വിശദമായ പഠനത്തിന് പ്രിസൈഡിംഗ് ഓഫീസർമാരുടെ ഹാൻഡ് ബുക്കും കമ്മീഷന്റെ വെബ് സൈറ്റും കാണുക

eSammathi Important Screenshots







***SMS Formats***

***for Feature Phones (Non Smart Phone Users)***

***ust type the text and send it to xxxxx xxxxx***

***or testing app – replace "ELE" with "Saral PDM"***

| S. No. | Reports | Option |
|---|---|---|
| 1 | Poll party Started | ELE started |
| 2 | Poll party Reached | ELE reached |
| 3 | Mock Poll Completed | ELE mock |
| 4 | EVM Sealed | ELE seal |
| 5 | Poll Started | ELE ps |
| 6 | Current Poll - male, female, transgender | ELE cp,<TimeSlot>,<MaleVotes>,<FemaleVotes>,<TransgenderVotes> (timeslot would just be a number 9, 11, 13, 15, rest will be the number of votes for each gender) |
| 7 | Voter In Queue at Closure | ELE vq,<VoterInQueueNumber> |
| 8 | Poll Closed - Additional EVM used | ELE pc,<AdditionalEVMused> |
| 9 | Reporting Incidents - Poll Interrupted/Poll Resumed, EVM not working, VVPAT Not working, Others (A Text box to enter description of event) | ELE inc,pi/pr,evm,pat,other <description> (user would type pi for interrupted, ps for poll resumed, evm for evm not working, pat for vvpat not working, other and then description for other incidents reporting) |
| 10 | Final Total Polled - male, female, transgender, tendered, challenged, overseas | ELE tp ,<MaleVotes>,<FemaleVotes>,<TransgenderVotes>, <TenderedVotes>,<ChallengedVotes>,<OverseasVotesCasted> |
| 11 | Departed from Polling Station | ELE departed |
| 12 | Polling officials reached Collection Centre | ELE reachedcc |
| 13 | Polling Materials Handed over | ELE pmhanded |

pl very the SMS format with your reference material

Voters Verifiable Paper Audit Trail (VVPAT) (**in selected constiteuncies)

As amended in the Conduct of Election (Amendment)Rules, 2013, after rule 49A the proviso is added that a printer with a drop box of such design as approved by the ECI, may be attached to a voting machine for printing a paper trail of the vote, in such constituency or Constituencies or part thereof as the ECI may direct. This instrument is known as the Voters Verifiable Paper Audit Trail (VVPAT). A printer with a drop box is used in addition to the above two units, where the Voters Verifiable Paper Audit Trail (VVPAT) is used, if and when ordered by the Commission. In such a case the printer shall also be kept with the balloting unit in the voting compartment and shall be connected to the electronic voting machine in the manner as directed by the Election Commission.